"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസർഗോഡ് ജില്ലയിൽ അജാനൂർ ഗ്രാമപഞ്ചായത്തിലെ ശ്രീമതി എ.കെ. വിലാസിനിക്ക് ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി അനുവദിച്ച ഒന്നാം ഗഡു ധനസഹായമായ ₹40,000/-യുടെ തിരിച്ചടവിന്മേൽ ബാധകമായ പലിശ ഇളവ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1151/2026/LSGD തീയതി,തിരുവനന്തപുരം, 21-06-2026

---

പരാമർശം:- 1. അജാനൂർ ഗ്രാമപഞ്ചായത്തിന്റെ 14/09/2022 ലെ സാധാരണയോഗത്തിന്റെ 05/01 നമ്പർ തീരുമാനം

2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 12/03/2026-ലെ തസ്വഭവ/പിഡി/25630/2023-ഡിപിഎൽസി3 നമ്പർ കത്ത്.

**ഉത്തരവ്**

കാസർഗോഡ് ജില്ലയിൽ അജാനൂർ പഞ്ചായത്തിലെ ശ്രീമതി എ.കെ. വിലാസിനിക്ക് ലൈഫ് പദ്ധതി പ്രകാരം വീട് നിർമ്മാണത്തിനായി ഒന്നാം ഗഡുവായി ₹40,000/- അനുവദിച്ചിരുന്നുവെങ്കിലും, ടിയാന്റെ ശാരീരിക അസ്വാസ്ഥ്യത്തെ തുടർന്ന് നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ സാധിച്ചില്ല. തുടർന്ന്, അനുവദിച്ച തുകയുടെ പലിശ ഒഴിവാക്കി മുതൽ തിരിച്ചടയ്ക്കാനുള്ള സന്നദ്ധത ടിയാൻ പഞ്ചായത്തിനെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം അജാനൂർ പഞ്ചായത്തിന്റെ ഭരണസമിതിയോഗത്തിൽ പരിഗണിയ്ക്കുകയും, സർക്കാർ അനുവാദത്തിന് വിധേയമായി, ഒന്നാം ഗഡു തുക പലിശരഹിതമായി തിരിച്ചടക്കുന്നതിന് അനുവാദം നല്കുന്നതിന് പരാമർശം (1) ഭരണസമിതി തീരുമാനം പ്രകാരം നിശ്ചയിക്കുകയുണ്ടായി.

2. ശ്രീമതി എ.കെ വിലാസിനി ലൈഫ് ഭവന പദ്ധതി പ്രകാരം കൈപ്പറ്റിയ 40,000/- രൂപ

രസീത് നമ്പർ 12418000625/ജി140402 പ്രകാരം പലിശരഹിതമായി അജാനൂർ ഗ്രാമപഞ്ചായത്തിൽ തിരിച്ചടച്ചിട്ടുണ്ടെന്നും, അവിവാഹിതയായ ടിയാൻ നിലവിൽ സഹോദരിയോടൊപ്പമാണ് താമസിച്ചു വരുന്നതെന്നും ടിയാന് മറ്റുവരുമാന മാർഗ്ഗങ്ങളില്ല എന്നും പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ലയിൽ അജാനൂർ ഗ്രാമപഞ്ചായത്തിലെ ശ്രീമതി എ.കെ. വിലാസിനിക്ക് ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി അനുവദിച്ച ഒന്നാം ഗഡു ധനസഹായമായ ₹40,000/-യുടെ തിരിച്ചടവിന്മേൽ ബാധകമായ പലിശ ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, അജാനൂർ ഗ്രാമപഞ്ചായത്ത്, കാസർഗോഡ്

ശ്രീമതി.എ. കെ വിലാസിനി (സെക്രട്ടറി, അജാനൂർ ഗ്രാമപഞ്ചായത്ത് മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Thomas. T.j**
**Date: 23-06-2026 10:13:39**

സെക്ഷൻ ഓഫീസർ